## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7592

15.07.2014 ൽ
മറുപടിക്ക്

## ശ്രീമതി. ഷീബ ഡേവിഡിന്റെ നിയമനം അംഗീകരിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. മോൻസ് ജോസഫ്**

**മറുപടി**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) 2007 മുതൽ കൊല്ലം ഫാത്തിമാ മാതാ നാഷണൽ (FMN) കോളേജിൽ പ്യൂൺ തസ്തികയിൽ ജോലി ചെയ്തു വരുന്ന വിധവയും മൂന്ന് മക്കളുടെ അമ്മയുമായ ശ്രീമതി. ഷീബ ഡേവിഡിനെ 2009-ൽ മാനേജ്മെന്റ് അപേക്ഷ ക്ഷണിച്ച് പ്യൂൺ തസ്തികയിൽ സ്ഥിരമായി നിയമിച്ചത്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെയല്ല എന്ന് പറഞ്ഞ് പ്രസ്തുത നിയമനം റദ്ദ് ചെയ്യുകയും തുടർന്ന് സർക്കാർ അനുമതിയോടെ 2012-ൽ പുതിയ അപേക്ഷ ക്ഷണിക്കുകയും അപേക്ഷകയായ ശ്രീമതി ഷീബ ഡേവിഡിന് പുതിയ അപേക്ഷ നൽകുന്നതിന് പ്രായം അധികരിച്ചതിനാൽ ബഹു. മുഖ്യമന്ത്രിയ്ക്ക് നല്കിയ നിവേദനത്തെ തുടർന്ന് 23.02.2012 ലെ നം. 121/D3/12/ഉ.വി.വ പ്രത്യേക ഉത്തരവ് അംഗീകരിച്ച് മാനേജ്മെന്റ് നിയമനം നൽകിയെങ്കിലും നാളിതുവരെ ഇവരുടെ നിയമനം അംഗീകരിച്ച് നല്കാത്തത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് ഇതെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം എഫ് എം എൻ കോളേജ് മാനേജ്മെന്റ് നടത്തിയ നിയമനങ്ങൾ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുന്നതിന് സർക്കാരിന്റെ 6.3.14 ലെ 4043/ ഡി3/13/ഉ.വി.വ നമ്പർ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.<br>കൊല്ലം, എഫ് എം എൻ കോളേജിൽ എൽ ജി എസ് ആയി നിയമിതയായ ശ്രീമതി. ഷീബാ ഡേവിഡിന്റെ അപേക്ഷ സർക്കാരിന്റെ 23.2.12 ലെ 121/ ഡി3/12/ഉ.വി.വ നമ്പർ കത്തിൽ നൽകിയ നിർദ്ദേശം അനുസരിച്ച് പരിഗണിക്കപ്പെട്ടതായതിനാൽ ശ്രീമതി. ഷീബാ ഡേവിഡിന്റെ നിയമനത്തിന് അംഗീകാരം നൽകുവാൻ അനുമതി നൽകണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

| | |
|---|---|
| (ബി) ഇത്തരത്തിലുള്ള വിധവകൾക്കും നിർദ്ധനർക്കും പ്രത്യേക പരിരക്ഷ നല്കി ഇറക്കുന്ന പല ഉത്തരവുകളും നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഇത്തരക്കാരിൽ ഉണ്ടാകുന്ന മാനസികപ്രശ്നങ്ങൾ ഗൌരവതരമായ മനുഷ്യാവകാശ ലംഘനം ആണെന്ന വസ്തുത ശ്രദ്ധപ്പെട്ടിട്ടുണ്ടോ; | (ബി) കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. |
| (സി) ഇവരുടെ നിയമനം അടിയന്തരമായി അംഗീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ ? | (സി) ശ്രീമതി. ഷീബാ ഡേവിഡിന്റെ നിയമനം സംബന്ധിച്ച വിഷയത്തിൽ 2.7.14 ൽ ലഭിച്ച കത്ത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ വിഷയത്തിൽ ഉടൻ തന്നെ ഉചിതമായ തീരുമാനം എടുക്കുന്നതാണ് |

സെക്ഷൻ ഓഫീസർ